ഭരണഭാഷ-മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**
**dtekerala@gmail.com**
**0471 2561307**

<u>മേലെഴുത്ത് നമ്പർ :**DTETVM/9194/2025-EA2 (EA)**</u> തീയതി: **21-10-2025**

സർക്കാർ വെബ്സൈറ്റിലോ അല്ലാതെയോ പ്രസിദ്ധീകരിക്കുന്ന സർക്കാർ ഉത്തരവുകൾ, പ്രസിദ്ധീകരണങ്ങൾ എന്നിവയിൽ മാറ്റം വരുത്തി സോഷ്യൽ മീഡിയകളിലൂടെയോ മറ്റു മാർഗ്ഗങ്ങളിലൂടെയോ പ്രചരിപ്പിക്കാൻ പാടില്ലാ എന്ന് സർക്കാർ നിർദ്ദേശം നൽകികൊണ്ടുള്ള സർക്കാർ പരിപത്രം തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

**JAYAPRAKASH P**
**DIRECTOR**

സ്വീകർത്താവ്,

ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും ജീവനക്കാർക്കും (www.dtekerala.gov.in എന്ന ഔദ്യോഗിക വെബ് സൈറ്റ് മുഖാന്തിരം )

Signed by
Jayaprakash P
Date: 21-10-2025 16:33:02

**കേരള സർക്കാർ**

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (റൂൾസ്-ബി) വകുപ്പ്**

നം. റൂൾ ബി1/17/2025-ഉഭപവ	തിരുവനന്തപുരം,തീയതി: 07-10-2025

## സർക്കുലർ

വിഷയം : ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് - സർക്കാർ വെബ്സൈറ്റിലോ അല്ലാതെയോ പ്രസിദ്ധീകരിക്കുന്ന സർക്കാർ ഉത്തരവുകൾ, പ്രസിദ്ധീകരണങ്ങൾ എന്നിവയിൽ മാറ്റം വരുത്തി സോഷ്യൽ മീഡിയകളിലൂടെയോ മറ്റ മാർഗ്ഗങ്ങളിലൂടെയോ പ്രചരിപ്പിക്കുവാൻ പാടില്ലായെന്ന് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സംസ്ഥാന സർക്കാരിന്റെ പോർട്ടലിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളിൽ വാട്ടർ മാർക്ക് ഉൾപ്പെടുത്തി സർക്കാർ ജീവനക്കാർ അംഗങ്ങളായുള്ള വിവിധ സോഷ്യൽ മീഡിയ ഗ്രൂപ്പുകളിൽ പ്രചരിപ്പിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന സർക്കാർ ഉത്തരവുകൾ, പ്രസിദ്ധീകരണങ്ങൾ എന്നിവ വാട്ടർമാർക്ക് ചെയ്തും മറ്റ് മാറ്റങ്ങൾ വരുത്തിയും സോഷ്യൽ മീഡിയകളിലോ മറ്റമാർഗ്ഗങ്ങളിലൂടെയോ സർക്കാർ ജീവനക്കാർ തന്നെ പ്രചരിപ്പിക്കുന്നത് ഒട്ടും ആശാസ്യമല്ലാത്ത നടപടിയാണ് എന്ന് സർക്കാർ നിരീക്ഷിക്കുന്നു. ആയതിനാൽ സർക്കാർ വെബ് സൈറ്റിലോ അല്ലാതെയോ പ്രസിദ്ധീകരിക്കുന്ന സർക്കാർ ഉത്തരവുകൾ, പ്രസിദ്ധീകരണങ്ങൾ എന്നിവയിൽ മാറ്റം വരുത്തി സോഷ്യൽ മീഡിയകളിലൂടെയോ മറ്റമാർഗ്ഗങ്ങളിലൂടെയോ സർക്കാർ ജീവനക്കാർ പ്രചരിപ്പിക്കുവാൻ പാടില്ലായെന്ന് കർശന നിർദ്ദേശം നൽകുന്നു.

3) ഇത്തരത്തിൽ വാട്ടർമാർക്ക് ചെയ്തു മാറ്റം വരുത്തി പ്രചരിപ്പിച്ചിട്ടുള്ള ഉത്തരവുകളിൽ നിന്നും വാട്ടർമാർക്ക് അടിയന്തരമായി നീക്കം ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ വകുപ്പുമേധാവികൾ അതീവ ശ്രദ്ധ പുലർത്തേണ്ടതും, ഇപ്രകാരമുള്ള പ്രവണതകൾ ജീവനക്കാരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ് :-

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിക്കും (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)

എല്ലാ വകുപ്പ മേധാവികൾക്കും/നിയമനാധികാരികൾക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)

സെക്രട്ടറി, കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പകൾക്കും,

എല്ലാ സെക്ഷനുകൾക്കും. (ഇ -ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)

വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് (www.pard.kerala.gov.in) എന്ന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ